ഒരു വർഷത്തെ യൂണിയൻ പ്രവർത്തനങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നതിന്റെ ഭാഗമായി 2022 നവംബർ 15, ചൊവ്വാഴ്ച അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മുമ്പാകെ യൂണിയൻ ഭാരവാഹികളും ക്ലാസ് പ്രതിനിധികളും സത്യപ്രതിജ്ഞ ചെയ്തു. തുടർന്ന് പ്രിൻസിപ്പാളും അധ്യാപക പ്രതിനിധികളും യൂണിയൻ ഭാരവാഹികൾക്ക് ആശംസകൾ അർപ്പിച്ചു.

## യൂണിയൻ ഭാരവാഹികൾ

| | |
|---|---|
| ചെയർമാൻ | വിഷ്ണുമോഹൻ എം.എ. |
| വൈസ് ചെയർപേഴ്സൺ | ഫിയോണ ഭാസ്കർ |
| ജനറൽ സെക്രട്ടറി | അനുശ്രീ എ.എസ്. |
| ജോയിന്റ് സെക്രട്ടറി | അപർണ ആർ.എസ്. |
| ആർട്സ് ക്ലബ്ബ് സെക്രട്ടറി | പ്രിയദർശിനി ജി.എ. |
| മാഗസിൻ എഡിറ്റർ . | അലൻ റോബർട്ട് |
| ലിറ്ററി ക്ലബ് സെക്രട്ടറി | കാർത്തിക് ആർ.ബാബു |
| സ്പോർട്സ് ക്ലബ് സെക്രട്ടറി | അഞ്ജിത ഉണ്ണിത്താൻ |
| വനിതാ ക്ലബ്ബ് സെക്രട്ടറി | സൂര്യ സുരേഷ് എ. |

## ക്ലാസ് പ്രതിനിധികൾ

| | |
|---|---|
| ഇംഗ്ലീഷ് | ബി. ശിവശ്രീകൃഷ്ണ |
| ഹിന്ദി | മേഘ മുരളി |
| നാച്ചറൽ സയൻസ് | ഐശ്വര്യ ജെ. എസ് |
| ഫിസിക്കൽ സയൻസ് | ഷഫ്ന എസ് ദീൻ |
| സോഷ്യൽ സയൻസ് | നിഷ യു |

## കോളേജ് യൂണിയൻ ഉദ്ഘാടനവും മെരിറ്റ് ഡേയും.

2022 നവംബർ 29 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ചെയർമാൻ ശ്രീ.വിഷ്ണു മോഹന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ആദരണീയനായ പ്രിൻസിപ്പാൾ ഡോ. സുനിത് കുമാർ ജി. എൻ സ്വാഗതം ആശംസിച്ചു. ആദരണീയനായ ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ശ്രീ. ജി ആർ അനിൽ ഉദ്ഘാടനകർമം നിർവ്വഹിച്ചു. തുടർന്ന് ആർട്സ് ക്ലബ് ഉദ്ഘാടനം പ്രശസ്ത സിനിമ സംവിധായകൻ ശ്രീ. വി. സി. അഭിലാഷും, വുമൻ സെൽ ഉദ്ഘാടനം ഡോ. ബിനി. സി. എൽ

(പ്രിൻസിപ്പൽ, KUCTE, KUMARAPURAM) നിർവഹിച്ചു. കോളേജിലെ ലിറ്ററി ക്ലബ് എഴുത്തുകാരനും, എം ജി കോളേജ് തിരുവനന്തപുരത്തെ മലയാള വിഭാഗം അധ്യാപകനുമായ ശ്രീ. അയ്യപ്പദാസ് മാവേലിക്കര ഉദ്ഘാടനം ചെയ്തു. കോളേജിന്റെ സ്പോർട്സ് ക്ലബ് ഉദ്ഘാടനം ശ്രീ. സതീഷ് കുമാർ. എസ് (SHO നെടുമങ്ങാട്) നിർവഹിച്ചു.

കൂടാതെ യൂണിവേഴ്സിറ്റി 3-ാം റാങ്ക് ഹോൾഡർ ആയ ലിൻസി പുഷ്പത്തിന ഗോൾഡ് മെഡൽ നൽകിയും CGPA 9+ കിട്ടിയ മറ്റു കുട്ടികൾക്ക് ഉപഹാരങ്ങൾ നൽകിയും മെരിറ്റ് ഡേ ആഘോഷിച്ചു.

## Monument Visit

18 നവംബർ 2022 വെള്ളിയാഴ്ച് പത്മനാഭപുരം പാലസ്, കന്യാകുമാരി, വട്ടക്കോട്ട, തൃപ്പരപ്പ് എന്നീ സ്ഥലങ്ങൾ വിദ്യാർത്ഥികൾ സന്ദർശിച്ചു.

## Aids Day Celebration

1 ഡിസംബർ 2022 എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായിട്ടുള്ള കാര്യപരിപാടികൾ നടത്തി.

## മനുഷ്യാവകാശദിനാഘോഷം

2022 ഡിസംബർ 9ന മനുഷ്യാവകാശ ദിനവുമായി ബന്ധപ്പെട്ട് കോളേജ് പ്രിൻസിപ്പാൾ ഡോ. സുനിത് കുമാർ ജി. എൻ ന്റെ നേതൃത്വത്തിൽ മനുഷ്യാവകാശ ദിനം ആഘോഷിച്ചു. തുടർന്ന് ഡോ. ചഞ്ചൽ എബ്രഹാം മനുഷ്യാവകാശ പ്രതിജ്ഞ വിദ്യാർത്ഥികൾക്ക് ചൊല്ലിക്കൊടുത്തു.

## ക്രിസ്മസ് ആഘോഷം

2022 ഡിസംബർ 22ന ക്രിസ്മസ് ആഘോഷം കോളേജിൽ നടത്തി. കോളേജ് യൂണിയൻ ചെയർമാൻ ശ്രീ.വിഷ്ണു മോഹന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ, ഡോ. സുനിത്കുമാർ ജി. എൻ ആശംസകൾ അറിയിച്ചു. തുടർന്ന് റവ. ഫാദർ ഏറാത്ത് അരുൺ കുട്ടികൾക്ക് ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് ക്രിസ്തുമസ് ആഘോഷ പരിപാടികൾ കോളേജിൽ അരങ്ങേറി.

## Arts Day

2023 ജനുവരി 12, 13 തീയതികളിൽ കോളേജ് യൂണിയൻ ഖയാലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആർട്സ് ഡേ, EKTHARA 23, മാസ്റ്റർ അക്ഷിത് (Top Singer Fame) ഉദ്ഘാടനം നിർവഹിച്ചു.

## റിപ്പബ്ലിക് ദിനാഘോഷം

26 ജനുവരി 2023ന റിപ്പബ്ലിക് ദിനത്തിൽ രാവിലെ 8.30ന കോളേജ് അങ്കണത്തിൽ പ്രിൻസിപ്പൽ ഡോ. സുനിത്കുമാർ ജി. എൻ ദേശീയ പതാക ഉയർത്തി റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

## ഫ്ളാഷ്മോബ്

ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ജൂൺ 7 ബുധനാഴ്ച വിദ്യാർത്ഥികൾ ഗവൺമെന്റ് ബി എച്ച് എസ് എസ് മഞ്ചയിലും ജി എച്ച് എസ് എസ് നെടുമങ്ങാടിലും ബീറ്റ് പ്ലാസ്റ്റിക് പൊലൂഷൻ എന്ന പേരിൽ ഫ്ളാഷ്മോബ് നടത്തി

## വിനോദയാത്ര

ഈ വർഷത്തെ വിനോദയാത്ര 27 മെയ് 2023 മുതൽ 31 മെയ് 2023 വരെ ആയിരുന്നു. ഗോവ, ദണ്ഡേലി എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ഈ യാത്രയിൽ കോളേജ് അധ്യാപികയായ ഡോ. ചഞ്ചൽ എബ്രഹാമും പങ്കെടുത്തു.

## പരിസ്ഥിതി ദിനാഘോഷം

ജൂൺ 5, 2023 ന കോളേജ് യൂണിയൻ ഖയാലിന്റെ നേതൃത്വത്തിൽ നടന്ന പരിസ്ഥിതി ദിനാഘോഷം കോളേജ് പ്രിൻസിപ്പാൾ ഡോ. രേണുക സോണി എൽ. ആർ നിർവഹിച്ചു. ഇതിനോടനുബന്ധിച്ച് കോളേജ് ക്യാമ്പസ് മനോഹരമാക്കാൻ ബട്ടർഫ്ളൈ ഗാർഡനും മിയാവാക്കി വനവും നിർമ്മിച്ചു. അതിജീവനത്തിന്റെ പച്ചപ്പ് എന്ന പേരിൽ 2023 മെയ് 26 മുതൽ ജൂൺ 12 വരെ പരിസ്ഥിതി ദിനാഘോഷം നടത്തി. ഇതുമായി ബന്ധപ്പെട്ട് 'സ്നേഹ ഉറവ' എന്ന പേരിൽ പക്ഷികൾക്ക് വെള്ളം കൊടുക്കൽ, 'മരം ഒരു വരം' എന്ന പേരിൽ ഫലവൃക്ഷ തൈ കൈമാറൽ, ' ഉണർവ് 'എന്ന പേരിൽ

കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്, ' മൈത്രി' എന്ന പേരിൽ ലഘുലേഖ വിതരണം എന്നിവ നടത്തി.

### പാഠനോപകരണ വിതരണം

ജൂൺ 7, 2023ന നെടുമങ്ങാട് ബോയ്സ് യുപിഎസ് സ്കൂളിൽ കുഞ്ഞു പൂമ്പാറ്റകൾക്ക് ഒരു കൈത്താങ്ങ് എന്ന പേരിൽ പാഠനോപകരണ വിതരണം കോളജ് പ്രിൻസിപ്പാൾ രേണുക സോണി എൽ. ആർ ന്റെ നേതൃത്വത്തിൽ നടത്തി.

### ഫിലിം ഫെസ്റ്റിവൽ

കോളേജ് യൂണിയൻ ഖയാലിന്റെ നേതൃത്വത്തിൽ ഫിലിം ഫെസ്റ്റിവൽ നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. രേണുക സോണി എൽ ആർ ഉദ്ഘാടനം കർമം നിർവഹിച്ചു

## Annual Athletic Meet

കോളേജിന്റെ Annual Athletic Meet 2023 ഓഗസ്റ്റ് 14 ന ശ്രീ. യതി പ്രകാശ് എൻ എൽ (സീനിയർ സിവിൽ പോലീസ് ഓഫീസർ) പതാക ഉയർത്തി ഉദ്ഘാടനകർമ്മം നിർവഹിച്ചു. തുടർന്ന് നടന്ന കായിക മത്സരങ്ങളിൽ കാർത്തിക്.ആർ. ബാബു മെൻസ് ചാമ്പ്യൻഷിപ്പും, അശ്വതി ആർ.എസ്, വുമൺ ചാമ്പ്യൻഷിപ്പും കരസ്ഥമാക്കി.

### സ്വാതന്ത്ര്യദിനാഘോഷം

ഓഗസ്റ്റ് 15, 2023 ന സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട് കോളേജ് പ്രിൻസിപ്പൽ
ഡോ. രേണുക സോണി എൽ ആർ ദേശീയ പതാക ഉയർത്തി ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു തുടർന്ന് വിദ്യാർഥികൾ ദേശീയ ഗാനം ആലപിച്ചു.

### ആന്റി റാഗിംഗ് ദിനാഘോഷം

16 ഓഗസ്റ്റ് 2023ന ആന്റി റാഗിംഗ് ദിനവുമായി ബന്ധപ്പെട്ട് ഉപന്യാസം മത്സരങ്ങൾ കോളേജ് യൂണിയൻ ഖയാലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു . പ്രസ്തുത പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ. രേണുക സോണി ഉദ്ഘാടനം ചെയ്തു.

### ഇന്റർ കോളേജിയേറ്റ് മത്സരങ്ങൾ

കേരള സർവകലാശാല കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ നെടുമങ്ങാട് നിരവധി ഇൻറർ കോളേജിയേറ്റ് മത്സരങ്ങൾ നടത്തി. കോളേജ് യൂണിയൻ ഖയാലിന്റെ ആഭിമുഖ്യത്തിൽ മ്യൂസിക് ഡേ, ലിറ്ററി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ റീൽസ്, പോസ്റ്റർ നിർമ്മാണ മത്സരങ്ങളും കൂടാതെ എല്ലാ ഓപ്ഷനുകളിൽ നിന്നും നിരവധി ഓൺലൈൻ, ഓഫ്ലൈൻ പരിപാടികളും, മത്സരങ്ങളും സംഘടിപ്പിച്ചു.

### ഓണാഘോഷം

ഓഗസ്റ്റ് 24, 25, 2023 തീയതികളിൽ കോളേജിൽ ഓണാഘോഷം നടത്തി. ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനം കോളേജ് പ്രിൻസിപ്പൽ ഡോ.രേണുക സോണി എൽ ആർ നിർവഹിച്ചു. ഇതിനോടനുബന്ധിച്ച് മെഗാ തിരുവാതിരയും വ്യത്യസ്ത തരം ഓണപ്പരിപാടികളും കോളേജിൽ അരങ്ങേറി.

### യാത്രയയപ്പ്

2021-23 ബി എഡ് വിദ്യാർഥികൾക്ക് കോളജ് യൂണിയന്റെ നേതൃത്വത്തിൽ സെന്റ് ഓഫ് നൽകി. പ്രസ്തുത പരിപാടി കോളജ് പ്രിൻസിപ്പൽ ഡോ. രേണുക സോണി എൽ ആർ ഉദ്ഘാടനം ചെയ്തു.തുടർന്ന് വിദ്യാർഥികൾ വിവിധതരം കലാപരിപാടികൾ സംഘടിപ്പിച്ചു.

### എൻ എസ് എസ് യൂണിറ്റ്

നെടുമങ്ങാട് കോളേജിലെ എൻ എസ് എസ് യൂണിറ്റ് ഡോ. അൻസർ ആർ.എൻ ഉദ്ഘാടനം നടത്തി. 25 സെപ്റ്റംബർ 2023 കോളേജിൽ എൻ എസ് എസ് പരിപാടിയുടെ ഉദ്ഘാടനം ഡോ. രേണുക സോണി എൽ ആർ നിർവഹിച്ചു. തണ്ണീർപ്പന്തൽ, സ്നേഹ ഉറവ, പൊതിച്ചോർ വിതരണം, സ്നേഹാരാമം തുടങ്ങിയ പ്രവർത്തനങ്ങൾ എൻ എസ് എസ് യൂണിറ്റിന്റെ ഭാഗമായി കോളേജിൽ നടത്തി.

**ഗാന്ധിജയന്തി ആഘോഷം**

ഗാന്ധി ജയന്തിയുമായി ബന്ധപ്പെട്ട മാനവമൈത്രി വാരം എന്ന പേരിൽ 25 സെപ്റ്റംബർ 2023 മുതൽ 3 ഒക്ടോബർ 2023 വരെ പരിപാടികൾ കോളേജിൽ സംഘടിപ്പിച്ചു. ഇതിൽ ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്, കലാലയ ശുചീകരണം, സംവാദങ്ങൾ എന്നിവ കോളേജ് യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ. രേണുക സോണി എൽ ആർ ഉദ്ഘാടനം നടത്തി.

## സബ്ജക്ട് അസോസിയേഷൻ പ്രവർത്തനങ്ങൾ

### ‘ഇൻവിക്റ്റ’ ഇംഗ്ലീഷ് അസോസിയേഷൻ 2022-23



2022-24 അധ്യായന വർഷത്തെ 16 പേരടങ്ങുന്ന ഇംഗ്ലീഷ് ഓപ്ഷണൽ സബ്ജെക്ട് അസോസിയേഷന ഇൻവിക്റ്റ എന്ന് നാമകരണം ചെയ്തു. ഇൻവിക്ട 2K22 എന്ന ഇംഗ്ലീഷ് അസോസിയേഷന്റെ ആദ്യ പരിപാടി 17/10/2022 തിങ്കളാഴ്ച മുൻ പ്രിൻസിപ്പാൾ ഡോ. സുനിത് കുമാർ ജി എൻ ഉദ്ഘാടനം ചെയ്തു. 16 കുട്ടികളും ചേർന്ന് ലോഗോ രൂപീകരിക്കുകയും കൈയെഴുത്ത് മാസിക പ്രകാശനം ചെയ്യുകയും ചെയ്തു. മുൻ രാഷ്ട്രപതി എ പി ജെ അബ്ദുൽ കലാമിന്റെ ജന്മദിനത്തോടനുബന്ധിച്ച് 18/10/2022 ന ഒരു സ്കിറ്റ് കോമ്പറ്റീഷൻ നടത്തി. എല്ലാ ക്ലാസിലെ കുട്ടികളും പങ്കെടുക്കുകയും വിജയികളെ കണ്ടെത്തി സമ്മാനദാനം നടത്തുകയും ചെയ്തു. 9/11/2022 ന ടാലന്റ് ഡേയോടനുബന്ധിച്ച് ടീം ഇൻവിക്റ്റ വിവിധ തരം കലാപരിപാടികൾ അവതരിപ്പിച്ചു. കെ യു സി ടി ഇ നെടുമങ്ങാട് ചാരിറ്റി ക്ലബ്ബുമായി സംയോജിച്ച് 16/11/2022 ന ‘ലഞ്ച് ബോക്സ്’ പദ്ധതിയുടെ ഭാഗമായി ഗവൺമെന്റ് താലൂക്ക് ആശുപത്രി നെടുമങ്ങാടിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണപ്പൊതി വിതരണം ചെയ്തു. ഇൻറർനാഷണൽ ഹ്യൂമൻ സോളിഡാരിറ്റി ഡേയുടെ ഭാഗമായി 20/10/2022 നു ഇൻവിക്റ്റ ആ ദിവസത്തെ പ്രാധാന്യത്തെ പറ്റി അസംബ്ലിയിൽ അവതരിപ്പിച്ചു. 26/3/2023 ന ’Hey Poeta’ എന്ന തലക്കെട്ടിൽ ഒരു ഇന്റർകോളേജിയേറ്റ് കവിതാരചന മത്സരം നടത്തി. ഇതിൽ പല കോളേജുകളിൽ നിന്നുമുള്ള കുട്ടികൾ പങ്കെടുക്കുകയും അതിൽ നിന്ന് ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങളിലേക്കുള്ള വിജയികളെ തിരഞ്ഞെടുക്കുകയും അവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

### ‘നവരത്ന’ ഹിന്ദി അസോസിയേഷൻ 2022-23



2022-24 അദ്ധ്യയന വർഷത്തിലെ ഹിന്ദി വിദ്യാർത്ഥികൾ നവരത്ന എന്ന അസോസിയേഷന്റെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ മുന്നോട്ടുവച്ചു. 9 വിദ്യാർത്ഥികൾ അടങ്ങിയ ഹിന്ദി ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളുടെയും ആദ്യത്തെ സംയുക്ത പ്രവർത്തനമായി ‘‘ആദിക‘‘ എന്ന കൈയെഴുത്ത് മാസിക പുറത്തിറക്കി. തുടർന്ന ഹിന്ദി ഭാഷയുടെ പ്രധാന്യം എല്ലാവരിലും എത്തിക്കാൻ നവരത്നയുടെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ മുന്നോട്ട് വച്ചു. കൂടാതെ ഹിന്ദി ദിവസ് ആഘോഷങ്ങളുടെ ഭാഗമായി ഹിന്ദിയിൽ മോർണിംഗ് അസംബ്ലി നടത്തി. പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി പഠനയാത്ര സംഘടിപ്പിച്ചു. വായനദിനത്തോട് അനുബന്ധിച്ച് ഹിന്ദി

ഭാഷാ കേന്ദ്രീകരിച്ച് വ്യത്യസ്ത പ്രവർത്തനം നടത്തി.അസോസിയേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്സും പരിസരവും വൃത്തിയാക്കുകയും എൻവലപ്പ് നിർമ്മിച്ച് നൽകുകയും ചെയ്തു. ഇത്തരത്തിൽ പാഠ്യപാഠ്യേതര വിഷയങ്ങളെ സമന്യയിപ്പിച്ചു കൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നവരത്ന 2022- 24 ലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.

## 'ഏപ്പ്രികസ്' നാച്ചുറൽ സയൻസ് അസോസിയേഷൻ 2022-23



2022-24 അധ്യാന വർഷത്തിൽ നാച്ചുറൽ സയൻസ് ഓപ്ഷണലിൽ 9 വിദ്യാർത്ഥികളാണ് ഉള്ളത്. സബ്ജെക്ട് അസോസിയേഷന ''ഏപ്രിക്കസ്'' എന്ന പേര് നൽകുകയും ലോഗോ പ്രകാശനം നടത്തുകയും ചെയ്തു. കേരള സർക്കാരിന്റെ ലഹരി വിമുക്ത ക്യാമ്പയിന്റെ ഭാഗമായി പവർപോയിന്റ് പ്രസന്റേഷൻ നടത്തുകയുണ്ടായി. നവംബർ 14 ഡയബെറ്റിക്സ് ദിനത്തിന്റെ ഭാഗമായി ഡയബെറ്റിക്സിന്റെ ലോഗോ കണ്ടെത്തുക എന്നതുമായി ബന്ധപ്പെട്ട ഒരു ഗെയിം നടത്തുകയും വിജയികൾക്കു സമ്മാനം നൽകുകയും ചെയ്തു. ഡിസംബർ 1 എയ്ഡ്സ് ദിനത്തിന്റെ ഭാഗമായി എയ്ഡ്സ് രോഗികൾക്ക് ജീവിതത്തിന വെളിച്ചം നൽകുക എന്ന ഉദ്ദേശത്തോടെ മെഴുകുതിരി തെളിയ്ക്കുകയും ബോധവൽകരണ ക്ലാസ്സ് നടത്തുകയും ചെയ്തു.സബ്ജെക്ട് അസോസിയേഷന്റെ ഭാഗമായി സബ്ജെക്റ്റ് അസോസിയേഷൻ പീരിയഡ് ഒരു മെഡിസിനൽ ഗാർഡൻ നിർമ്മിച്ചു. അടുത്ത ആക്ടിവിറ്റിയായി ക്ലാസ്സ്റൂമിൽ ഒരു അക്വാറിയം സെറ്റ് ചെയ്തു തുടർന്നു ക്ലാസ്സ്റൂം ശുചീകരിച്ചു. SUPW ന്റെ ഭാഗമായി പോർട്ട് ഫോളിയോ ഫയൽ നിർമ്മിച്ച് വിതരണം ചെയ്തു. അടുത്ത പ്രവർത്തനമായി ക്ലാസിനു പുറത്തു ഒരു പൂന്തോട്ടം ഒരുക്കി. അടുത്തത് തണ്ണീർത്തട ദിനാചാരണമായിരുന്നു. ഫെബ്രുവരി 4 കാൻസർ ദിനത്തിന്റെ ഭാഗമായി ഫ്ളാഷ്മോബ് സംഘടിപ്പിച്ചു. അതിനു ശേഷം യോഗദിനത്തിന്റെ പ്രാധാന്യത്തെ പറ്റി വായിച്ചു.ഫെബ്രുവരി 12 ഡാർവിൻ ഡേ യുടെ ഭാഗമായി ഇന്റർ കോളേജ് ക്യാപ്ഷൻ എഴുത്തു മത്സരം നടത്തി. ഫെബ്രുവരി 28 സയൻസ് ഡേയുടെ ഭാഗമായി സ്കൂൾ വിദ്യാർഥികൾക്കു പോസ്റ്റർ മേക്കിംഗ് കോമ്പട്ടീഷൻ സംഘടിപ്പിച്ചു. അടുത്തതായി ഒരു ഇൻഡോർ ഔട്ട്ഡോർ ഗാർഡൻ സെറ്റ് ചെയ്തു. ജൂൺ 5 പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ബി എഡ് വിദ്യാർത്ഥികൾക്കു പോസ്റ്റർ മേക്കിംഗ് മത്സരം നടത്തി. ജൂൺ 19 വായനാ ദിനത്തോട് അനുബന്ധിച്ചു ഇന്റർ കോളേജ് മത്സരം നടത്തുകയുണ്ടായി. ഇതിലൂടെ കുട്ടികളിൽ സഹകരണ മനോഭാവം, ഉത്തരവാദിത്തം തുടങ്ങിയവ വളർത്താൻ സഹായിച്ചു.

## ‘സീറോ ഗ്രാവിറ്റി’  ഫിസിക്കൽ സയൻസ് അസോസിയേഷൻ 2022 -23



2022-24 അധ്യായന വർഷത്തിൽ 12 പേരടങ്ങുന്ന ഫിസിക്കൽ സയൻസ് ഓപ്ഷണൽ സബ്ജക്ട് അസോസിയേഷന ‘സീറോ ഗ്രാവിറ്റി’ എന്ന് നാമകരണം ചെയ്യുകയും വിവിധ പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയതു. സബ്ജക്ട് അസോസിയേഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഒക്ടോബർ 7, 2022ന കോളേജിലെ സയൻസ് ലാബ് ശുചീകരിക്കുകയും ലാബിനുള്ളിലെ ഉപകരണങ്ങൾ അടുക്കി വയ്ക്കുകയും ചെയ്തു. മോൾ ദിനാചരണത്തിന്റെ ഭാഗമായി കോളേജിലെ ജനറൽ ഓഡിറ്റോറിയത്തിൽ വച്ച് ഫിസിക്കൽ സയൻസ് ഓപ്ഷണലിലെ വിദ്യാർത്ഥികൾ ഒരു ക്വിസ് മത്സരം സംഘടിപ്പിച്ചു. 2019 ബി എഡ് കരിക്കുലത്തിന്റെ ഭാഗമായി ഫിസിക്കൽ സയൻസിലെ എല്ലാ വിദ്യാർത്ഥികളും 2022 നവംബർ 4ന പ്രിയദർശിനി പ്ലാനറ്റേറിയം സന്ദർശിച്ചു.

എസ് യു പി ഡബ്ല്യു പ്രവർത്തനത്തിന്റെ ഭാഗമായി 2022 നവംബർ 17ന ഫിസിക്കൽ സയൻസിലെ എല്ലാ വിദ്യാർത്ഥികളും ചേർന്ന് മരതകകാന്തി എന്ന പേരിൽ സോപ്പ് നിർമ്മാണം നടത്തുകയും കോളേജ് പ്രിൻസിപ്പൽ ഡോ. സുനിത് കുമാർ ജി. എൻ. ന സമ്മാനിക്കുകയും ചെയ്തു. ഫിസിക്കൽ സയൻസ് അസോസിയേഷൻ 202224 സീറോ ഗ്രാവിറ്റി എന്ന പേരിൽ കോളേജിലെ ജനറൽ ഓഡിറ്റോറിയത്തിൽ വച്ച് പ്രിൻസിപ്പൽ ഡോ.സുനിത് കുമാർ ജി എൻ ഉദ്ഘാടനം ചെയ്തു തുടർന്ന് സയൻസ് മാഗസിൻ പ്രകാശനം ചെയ്തു. കൂടാതെ പ്ലാസ്റ്റിക് മലിനീകരണം എന്ന വിഷയത്തിൽ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ദേശീയ ശാസ്ത്ര ദിനാഘോഷത്തോടനുബന്ധിച്ച് ഒരു ഓൺലൈൻ സെമിനാർ നടത്തി. ചാന്ദ്രദിനാഘോഷത്തോടനുബന്ധിച്ച് കോളേജ് തലത്തിൽ ഒരു പോസ്റ്റർ നിർമ്മാണ മത്സരം, ചന്ദ്രന ഒരു കത്ത് എന്ന പേരിൽ കത്തെഴുത്ത് മത്സരം എന്നിവ സംഘടിപ്പിച്ചു. കൂടാതെ ഇന്ത്യൻ നേവി ദിനം, ലോക മണ്ണ് ദിനം, അന്താരാഷ്ട്ര പർവ്വത ദിനം, ദേശീയ ഊർജ്ജ സംരക്ഷണ ദിനം, ന്യൂനപക്ഷ അവകാശ ദിനം, ദേശീയ ഗണിത ദിനം, ദേശീയ ടെക്നോളജി ദിനം, റിപ്പബ്ലിക് ദിനം, അന്താരാഷ്ട്ര വനിതാ ദിനം, മനുഷ്യാവകാശ ദിനം എന്നിവയോട് അനുബന്ധിച്ചുള്ള ബ്രോഷർ നിർമ്മാണം നടത്തുകയും ചെയ്തു.

## 'മെലൂഹൻസ്' സോഷ്യൽ സയൻസ് അസ്സോസിയേഷൻ 2022-23



2022-24 അധ്യയന വർഷത്തിൽ സോഷ്യൽ സയൻസ് വിഭാഗത്തിൽ ആകെ 10 വിദ്യാർത്ഥികളാണ് ഉള്ളത്. തുടർന്ന സോഷ്യൽസയൻസ് വിഭാഗത്തിനായി ഒരു അസോസിയേഷൻ രൂപീകരിക്കണമെന്ന് തീരുമാനിച്ചു. ഡിസംബർ 10 അന്താരാഷ്ട്രമനുഷ്യാവകാശദിനത്തോടനുബന്ധിച്ച് കോളേജ് പ്രിൻസിപ്പൽ ഡോ. സുനിത് കുമാർ ജി എൻ ഉം ഇക്ബാൽ കോളേജ് പൊളിറ്റിക്കൽ സയൻസ് അധ്യാപകനായ Dr. അനസും ചേർന്ന് ലോഗോ പ്രകാശനവും അസോസിയേഷന 'മെലുഹൻസ്' എന്ന പേരും നൽകി. തുടർന്ന് മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചുള്ള പ്രഭാഷണവും നൽകി. സബ്ജക്റ്റ് അസോസിയേഷൻ ഭാഗമായി സോഷ്യൽ സയൻസ് വിദ്യാർഥികൾ ദേശീയ അന്തർ ദേശീയ പ്രാധാന്യമുള്ള ദിനാചരണങ്ങൾ ആചരിക്കുകയും അത്തരം ദിവസങ്ങളുടെ പ്രാധാന്യം ഉൾപ്പെടുത്തിക്കൊണ്ട് ബ്രോഷർ തയാറാക്കുകയും അസംബ്ലിയിൽ അതിനെകുറിച്ച് സംസാരിക്കുകയും ചെയ്തു. സ്കൂൾ വിദ്യാർഥികൾക്കിടയിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട നാടകമായിരുന്നു അടുത്ത പ്രവർത്തനം. ജൂലായ് 11 ലോക ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് ഇക്ബാൽ കോളേജ് ചരിത്ര വിഭാഗം അധ്യാപകനായ ഡോ. പ്രദീപ് സാറിന്റെ സെമിനാർ സംഘടിപ്പിക്കുകയും തുടർന്ന് സംവാദവും ക്വിസ് മത്സരവും നടത്തി. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ന്യൂസ് പേപ്പർ ഉപയോഗിച്ചുള്ള പേപ്പർ ബാഗുകളും പെൻസിൽ ഹോൾഡറും നിർമ്മിച്ച് കോളേജ് പ്രിൻസിപ്പലിന കൈമാറി. അസോസിയേഷന്റെ ഭാഗമായി നടത്തിയ ഇത്തരം പ്രവർത്തനങ്ങളിലൂടെ വിദ്യാർഥികളിൽ താൽപര്യവും സർഗാത്മകതയും വളർത്തുവാനും വിഷയാധിഷ്ഠിതമായ അറിവുകൾ വർദ്ധിപ്പിക്കുവാനും സാധിച്ചു.

**അനുശ്രീ എ.എസ്**
ജനറൽ സെക്രട്ടറി



College Union khayaal 2022-23



ENGLISH



HINDI



**NATURAL SCIENCE**



**PHYSICAL SCIENCE**



**SOCIAL SCIENCE**



**HOUSE CAPTAINS**




**2022-24 & 2023-25 Batches**

## DO YOU KNOW: SCIENCE FACTS

**Source: Reader's digest**



**Naeema Binth Vahab**

**B.Ed English**

**1. THE HUMAN STOMACH CAN DISSOLVE RAZOR BLADES**

If you ever swallow a razor blade, don't panic. The human body is more capable than you think. Acids are ranked on a scale from 0 to 14—the lower the pH level, the stronger the acid. Human stomach acid is typically 1.0 to 2.0, meaning that it has an incredibly strong pH. In a study published in the journal Gastrointestinal Endoscopy, scientists found that the "thickened back of a single-edged blade" dissolved after two hours of immersion in stomach acid.

**2. BANANAS ARE RADIOACTIVE**

Bananas contain potassium, and since potassium decays, that makes the yellow fruit slightly radioactive. But don't worry—you'd need to eat ten million bananas in one sitting to die of banana-induced radiation poisoning, according to Joe Schwarcz, PhD, of McGill University.

**3. THERE ARE GENES THAT DETERMINE WHETHER YOU'RE AN EARLY RISER OR A NIGHT OWL**

You are genetically wired to be more active during the day or night. Whether you are a morning person, or a night owl is determined by a trait known as chronotype. This discovery was found by monitoring 85,000 individuals using wristbands. They also found that morning people woke up on average half an hour earlier than night owls – so there may be scientific reasoning as to why you want to sleep in every morning!

**Thasmeem N S**

**B.Ed Social Science**



**A Prayer for the World.**

O Lord…
If you grant me another life
In this world,
Do make me blind and numb
So that I won't have to
Watch my mother Earth die.
So that I won't have to
Look at young spirits perished in bloodshed.
So that I won't have to
See my fellow sisters ripped apart.
So that I won't have to
Look at hungry and pleading faces.
So that I won't have to
Witness the Corrupt game in politics.
O Lord………
Let me trade my next birth to
Grant me a boon instead to make this
Earth a better place to live.

## To a fellow soul... with love,

Life seems like a puzzle
When it gets stuck in the middle
It seems like a joyful drizzle
When it showers praises

But don't be fooled young comrade,
You've still got long way to go
Don't stop, don't run, don't give up
Enjoy what is given to you right now

Embrace every essence of life
Be it bitter, sour or even sweet
Learn to love things as they are
Enjoy the journey not the destiny
'Cause you'll never know
If you'll get to see another
Sunshine...



**Sushma C Ansalam**

**B.Ed. English**



**Fowsia Muhamad S**

**B.Ed. Natural Science**

**QUIZ**

1. What's short for 'light amplification by stimulated emission of radiation'?

Ans: Laser

2. Infrared light has a wavelength that is too long or short to be visible for humans?

Ans: Too long

3. When can a sonic boom be heard?

Ans: When the speed of sound is surpassed.

4. What is the name given to the branch of mathematics that deals with the relations of the sides and angles of triangles, and with the relevant functions of any angles?

Ans: Trigonometry

5. Which is longer, 3 kilometres or 2 miles?

Ans: 2 miles

**FUNNY QUIZ**

1. Which room has no walls floors doors windows?

Ans: Mushroom

2. What is the middle of New York?

Ans: Y

3. Which Chicken we don't eat?

Ans: Chickenpox

4. I have a head and a tail, but do not have a body? Who am l?

Ans: Coin

5. What goes up but never comes back down?

Ans: Age



**Jancy C.S**

**B.Ed. Natural Science**

**Fiona Baskar**
**B.Ed. English**



**SUNDAR PICHAI'S COCKROACH THEORY**
**[THE RIGHT ATTITUDE MATTERS]**

At a restaurant, a cockroach suddenly flew from somewhere and sat on a lady. She started screaming out of fear, desperately trying to get rid of the cockroach. Her reaction was contagious. Now, it was the turn of the other lady in the group to continue the drama. The waiter rushed to their rescue. The waiter stood firm as it flew upon him. Confidently, he grabbed it with his fingers and threw it out of the restaurant.

Sipping my coffee and watching the amusement, I started wondering, was the cockroach responsible for their hysteric behaviour? It is not the cockroach, but the inability of those people to handle the disturbance caused by the cockroach.

It is not the shouting of my boss that disturbs me, but my inability to handle the disturbance caused by his shouting that disturbs me more. It is my reaction to the problem that creates chaos in my life.

**Bincy Treesa A S**
**B.Ed. English**



**In Quest for Unending Moments...**

Moments are not alike for those
encircling around me....
I was emanated
in a fantastic world
where I couldn't
see nothing like me.
Because I was
in my mother's womb.
Those days I totes
relied on her.
I can't recollect-
those moments...

For my birth,
make her scream.
For my smile,
forfeited her beauty.
Relished motherhood.
She can't forget
those moments...

Wheels of time
moved ahead,
when I reached
tenth standard,
enclosed with
fear of examinations
and tensed of results.
couldn't meet any
carbon- copy of me.
Then those became moments...

Felt like my first
school experience
when I entered
my husband's house.
Lonely with my own
emotions and feelings.
Those became my moments...

Then at the last
days of my life,
perceived how much
I idolized my moments
amid different people
of different moments...

Waiting for death
to know that moment
and to face the
moments after...

**SUCCESS & FAILURE**



Winners see the victory
Losers see the defeat
Hard work is the way to success
No work leads to failures
Winners say "I will do it "
Losers say "I can't do it"
Winners see the possibilities
Losers see the problems
Winners are not people who never fail
But people who never quit
Winners create opportunities
Losers wait for opportunities
"Work hard dream big"

**Aswathy R S**

**B.Ed. Hindi**

## Believe in Yourself



Believe in yourself
To get places
and see faces
there are so many things to do.
All you need is to believe in you
To have a life to wonder
To have freedom
To have peace within
you need to believe
Don't put yourself down
Listen to those who encourage
Turn deaf to those who put you down
Know that there will always be
At least one force who's there for you!

**Anjitha Unnithan A**

**B.Ed. Physical Science**



**Hiba Ameen**
B.Ed. English

## Life-Long "La"

A blissful yearning
For a graceful union.
Her heart tides with her eyes,
Her eyes melt with her lips,
Her lips hug her nerves,
Her nerves bake her La.

When her La hails
Rough planes shook,
Tough knots loose,
Downy dusk gleams,
Husky light beams,
Glow of La nails.

With silky bells
of soundful cells,
Her throat and teeth
shake hands with else.

A pit-a-pat one,
A hit-a-hit gun,
A giggling air,
A jingling pair,
Leading delight fall over,
Feeding insight all over.

Joined only two La here,
Quoted another three La near.
"Can't afford mine in your lines,"
- Acting La of prejudiced eyes.
"Am not in penury to see mine in your lines,"
- Scornful La of scowling eyes.
"A deep sigh with neutral face",
- Tittering La of unamused face.

Might feel any,
Sight deal many
in earthly life.
Lovely, Loudly,
Luckily, Lamely,
Lonely lively
Laughing La

# NSS REGULAR ACTIVITIES




**NSS UNIT**



**Renovation of room for NSS**



**'Thanneerpandal'**



**'Padheyam' - Community lunch programme**



**'Snehaurava'**



Yoga in everyday life

Malinyamuktha Nava Kerala Campaign






'Kunjupooompattakalkku Oru Kaithangu'

Awareness Programme on Waste Management and Hazards of Plastic Waste










NSS unit inauguration



## NSS camp inauguration



## Self-defence class



## ‘Sneharamam’





## Cleanup Drive at Aruvikkara








Police drama




Campus cleaning







Case study

Wastebasket distribution at school





Awareness class at school

# *പനിനീർ ദളങ്ങൾ പറയാൻ മറന്നത്*



**Nanda K Ramesh**
**B.Ed. Hindi**

തീവണ്ടിയിൽ  എത്രയെത്ര ശബ്ദങ്ങൾ, ഒരു സാധാരണക്കാരന തികച്ചും അരോചകമായി തോന്നാവുന്ന ശബ്ദകോലാഹലങ്ങൾ. ഒരാൾ എന്റെ അരികിൽ നിന്ന് തീവണ്ടി സമ്പ്രദായത്തേയും, യാത്രക്കാരെയും മാറി മാറി കുറ്റപ്പെടുത്തുകയും, പരിഹസിക്കുകയും ചെയ്യുകയാണ. ഇടയ്ക്ക് അരികിലിരിക്കുന്ന എന്നെയും അയാൾ നോക്കും. ഒരു ചെറു പുഞ്ചിരി പകരം നൽകുന്ന എന്നെ നോക്കി നെറ്റി ചുളിക്കും. അയാൾ പ്രതീക്ഷിച്ച ഉത്തരം ലഭിക്കാത്തത് കൊണ്ടായിരിക്കാം. ഈ കോലാഹലങ്ങൾ  ഒന്നും തന്നെ എന്റെ വികാരത്തിൽ ഒരു മാറ്റവും സൃഷ്ടിക്കുകയില്ല, കാരണം  ഇവ  എനിക്ക് പരിചിതമായി കഴിഞ്ഞിരുന്നു
രാവിലെ കൃത്യം 6:15ന ഒരു തുണി സഞ്ചിയിൽ ഒരു കൂട്ടം പനിനീർ പുഷ്പങ്ങളും, ഒരു പൊതിചോറുമായി യാന്ത്രികമായാണ്  എന്റെ ഓരോ ദിവസവും  തുടങ്ങുന്നത്.. മനസും, ശരീരവും രണ്ടു ദിശയിൽ സഞ്ചരിച്ചു എത്തിചേരുന്നത് ഒരേയിടത്താണ്.
ഈ യാന്ത്രികമായ ജീവിതത്തിൽ ഞാനല്പം  വിശ്രമിച്ചതും  എന്റെ ഭാരങ്ങളിറക്കി  വെച്ചതും അവൾ കൂടെ ഉള്ളപ്പോഴാണ്. അവളോടൊപ്പമുള്ള നല്ല ദിവസങ്ങൾ   എന്നെ എപ്പോഴും സന്തോഷത്തിലേക്കും സങ്കടത്തിലേക്കും കൊണ്ടുപോകും.

കുട്ടിക്കാലത്തു എനിക്ക് നിരസിക്കപ്പെട്ട സ്നേഹം തിരികെ ലഭിച്ചത് അവളോടൊപ്പമുള്ള വിവാഹത്തിന ശേഷമാണ്. വിവാഹത്തിന  വല്ല്യ പ്രത്യേകതകളൊന്നും തന്നെ ഇല്ലായിരുന്നു. മുമ്പൊരിക്കൽ പോലും കണ്ടിട്ടില്ലാത്ത അവൾ, ഒരു താലി ചരടിലൂടെയാണ് എന്റെ ജീവിതത്തിലേക്ക ഒരു വെളിച്ചമായെത്തിയത്.
അവളെക്കുറിച്ചോർക്കുമ്പോഴൊക്കെ എന്റെ കണ്ണ് നിറയും. അത് മാറ്റാരുമായും പങ്കുവയ്ക്കാൻ ആഗ്രഹിക്കാത്ത ഞാൻ അവ എന്റെ ചൂണ്ടുവിരലാൽ ഒപ്പിയെടുക്കും.
പാതയിലൂടെ പാഞ്ഞുപോയ ആ വാഹനം ഒരു കുഞ്ഞ് എന്ന ഞങ്ങളുടെ സ്വപ്നത്തെയാണ് തകർത്തെറിഞ്ഞത്. അപകടത്തിന്റെ  ആഘാതത്തിൽ  അവൾ ചലിക്കാത്ത ഒരു മനുഷ്യ ശരീരമായി മാറി. പിന്നീട് എന്റെ ജീവിതം അവളെ തിരികെ  കൊണ്ടു വരികയെന്നത് ആയിരുന്നു.
പെട്ടന്നാണ് ആ  മനുഷ്യന്റെ കൈകൾ എന്റെ തോളിൽ പതിച്ചത്. ' ഇതാണ് അവസാനത്തെ സ്റ്റേഷൻ ഇറങ്ങുന്നില്ലേ ആവോ?'  അയാളുടെ സ്വരത്തിൽ പരിഭവം വ്യക്തമായിരുന്നു.  മനസ്സില്ലാമനസ്സോടെ അയാൾ  ഒരു ചായക്ക് എന്നെ ക്ഷണിച്ചു. സ്നേഹപൂർവം ഞാനതു നിരസിച്ചു പുറത്തേക്കിറങ്ങി. റോഡിലൂടെ

എന്തൊക്കെയോ നേടാനായി എന്നപോലെ
കുത്തിക്കുന്ന വാഹനങ്ങൾ.
മതിലുകളാൽ ചുറ്റപ്പെട്ട ആ ഭൂമിയിലേക്ക്
ഞാൻ കണ്ണീരണിഞ്ഞു കയറി
ആരുടെയോ ശവദാഹങ്ങൾ കഴിഞ്ഞു
ആളുകൾ മടങ്ങിത്തുടങ്ങി.
അകാലത്തിൽ മരിച്ച ആ ആത്മാവിന്റെ
ചിത കത്തി എരിയും മുൻപേ കഴുകന്മാർ
തങ്ങളുടെ സ്വത്തിനായുള്ള വഴക്ക്
തുടങ്ങിയിരുന്നു. ഈ കഴുകന്മാർക്ക് '
ബന്ധുക്കൾ ' എന്ന പേര് നന്നായി
ചേരുന്നുണ്ട്. ഞാൻ മുൻപോട്ടു നടന്നു.
മണ്ണ് കൂനകൂട്ടി വെച്ചിരുന്ന അടുത്ത് മുട്ട്
കുത്തി നിന്നു. തുണി സഞ്ചിയിൽ കയ്യിട്ട്
പനിനീർ പൂക്കൾ പുറത്തെടുത്തു. മറ്റു
പല ഉണങ്ങി കരിഞ്ഞ പനിനീർ
ദളങ്ങളും അവിടെ
പറക്കുന്നുണ്ടായിരുന്നു. പണ്ട് ഇവയും
മറ്റാരുടെയോ സ്വന്തമായിരിക്കണം.
ഞാൻ പറഞ്ഞില്ലേ എന്റെ പ്രിയതമ,
അവൾ ആ നരക ജീവിതത്തിൽ നിന്ന്
മോചിതയായത് ഇങ്ങനെ ആണ്.
എന്നത്തേയും പോലെ കരഞ്ഞു നിന്നാൽ
ശരിയാകില്ല. പുതിയ ഓഫീസർ ഒരു
ചൂടനാണ്. നഗരത്തിന്റെ ഇടുങ്ങിയ
വഴികളിലൂടെ നടക്കുമ്പോൾ എന്നെ
തട്ടിമാറ്റി കടന്നു പോയവരിൽ
സ്വാർത്ഥതയുടെ ഹൃദയതുടിപ്പ് ഞാൻ
കേട്ടിരുന്നു........

**മായാത്ത ഓർമ്മകൾ**

യാത്ര പറഞ്ഞിറങ്ങിയ മെലിഞ്ഞ കാറ്റിന്റെ കൊഴിഞ്ഞുപോക്ക്
അത്രമേൽ വേദനിപ്പിച്ചത് ആരുടെ ഹൃദയത്തെ?
കടലാഴം താണ്ടിയ ഓർമകളുള്ളിൽ
ഓരം ചേർന്ന് കിടക്കട്ടെ
എങ്കിലുമവയും ഓർമകളല്ലോ
എന്നുടെ സ്വന്തം ഓർമ്മകൾ.

നീണ്ടു പോകുന്ന പാതകൾ
ഇരുവശവും മങ്ങിയ വെളിച്ചം
പിന്നാലെ ചെറുതിരി കത്തിച്ച്
ഓടി കൂടിയവർ..... കൂടെ നടന്നവർ.....

മുൻപേ പോയവർ...
എത്ര പേരുടെ കാലടികൾ പതിഞ്ഞ മണ്ണാണ്
ഇപ്പോഴും ഈ പാതയോരത്ത്,
ചുറ്റും നിലവിളിയുടെ ശബ്ദം മാത്രം മുഴങ്ങുമ്പോൾ
എന്നെ തിരഞ്ഞ് അലഞ്ഞ
ഞാനായി നമ്മളായി പുനർജനിക്കാം



**Aparna R S**
**B.Ed. Social Science**

**Rinsha P**

**B.Ed. Social Science**



# *വൺ ഡൈമൻഷണൽ മാൻ*

ഇൻസ്റ്റഗ്രാം റീൽസിനിടയ്ക്ക്
ബോറടിച്ചില്ലെങ്കിലും ബ്രേക്കെടുക്കാൻ
അയാൾ എഫ് ബി യിൽ കേറി
കർഷക സമരകാലത്തെ ഇന്ത്യ
അഗൈൻസ്റ്റ് പ്രൊപഗണ്ട
ഇന്റലെക്ചലിന്റെ കശ്മീർ ഫയൽസ്
റിവ്യൂ ഷെയർ ചെയ്തു
ഫ്ളിപ് കാർട്ടിൽ നോട്ടിഫിക്കേഷൻ
വന്നുകൊണ്ടേയിരിക്കുന്നു
ഓഫറുള്ളപ്പോ
വാങ്ങാതിരിക്കുന്നതെങ്ങനെ
വീക്കെൻഡിലല്ലേ മാളിൽപോക്കു നടക്കൂ
അതുവരെ ഓൺലൈൻ ഷോപ്പിംഗ്
ക്രഡിറ്റ് കാർഡിരിക്കുന്നില്ലേ
പരസ്യത്തിൽ വീണുപോവില്ലേ
വിശന്നു തുടങ്ങിയപ്പോൾ സൊമാറ്റോയിൽ
കയറി
ബാൽക്കണിയിലിരിപ്പായി
ബീഫൊഴിച്ചെന്തും കഴിക്കും
കടകളായകടകളിലെല്ലാം പരതി
അവളുണ്ടായിരുന്നേൽ
വേണ്ടതെന്തെന്ന്
ചോദിച്ചുണ്ടാക്കിതന്നേനെ
ഓർഡർ കൊടുത്ത്
’പെനാൽറ്റി കിക്ക് കാത്തു നിൽക്കുന്ന
ഗോളിയുടെ ഏകാന്തതയോടെ ’
ഡെലിവറി കാത്തിരുന്നു
ഡെലിവറി എക്സിക്യൂട്ടീവൊരു
നാൽപത്തിരണ്ടുകാരൻ
വേറെ നല്ല പണിക്കുപൊക്കൂടെ
താഴെ റോഡിലൂടെ
കൈവിലങ്ങുകളല്ലാതൊന്നും
നഷ്ടപ്പെടാനില്ലാത്ത തൊഴിലാളികൾ
പണിമുടക്കിന്റെ സന്ദേശവുമായി
മാർച്ചുചെയ്യുന്നു
ഇന്നെങ്കിലും
വീട്ടിലിരുന്നൂടെ
അവനവൻ പണിക്കു പോയാൽ
കുടുംബത്തിനുകൊള്ളാം
കരിയർ ഗ്രോത്തിനെക്കുറിച്ചുള്ള കമ്പനിയുടെ
റെക്കോഡഡ് വീഡിയോ കാണാനെടുത്തു
ചാർജുതീർന്നപ്പോൾ ടിവി വച്ചു
വർധിച്ചുവരുന്ന വന്യജീവി ആക്രമണവും
കൃഷിനാശവും
നാട്ടുകാരുടെ രോഷം
പ്രകൃതിയെ ദ്രോഹിച്ചിട്ടല്ലേ
പഠിക്കട്ടേ പാഠം
പ്യൂമയുടെ ഷൂ നാളെയെത്തുമെന്ന് ആമസോൺ
പറയുന്നു
മറ്റന്നാൾ മുതൽ ജോഗിങ്ങിനു പോകണം
‘ദ വോഴ്സ്റ്റ് ഇൽലിറ്ററേറ്റ് ഈസ് ദ
പൊളിറ്റിക്കൽ ഇൽലിറ്ററേറ്റെന്ന് ‘ഏതോ
ജർമൻകാരന്റെ പേരുപറഞ്ഞു തർക്കിച്ച
രാജ്യദ്രോഹം പറയുന്നവന്മാർ പത്രം
വായിച്ചിരിപ്പുണ്ടാവും
കാണണം...
അവളില്ലാത്തതുകൊണ്ട് വൈകിട്ടത്തെ
ചായമുടങ്ങി
നിരാശ തീർക്കാൻ
രാത്രി ഹെവിയാക്കാം
പണിമുടക്കു ദിവസത്തെ പണികൾ കഴിഞ്ഞയാൾ
പിറ്റേന്ന് പെർഫെക്ട്മാനായി ഓഫീസിലേക്കിറങ്ങി
ഇൻക്രിമെന്റ് കൂട്ടിക്കാണും
നോക്കണം



**Aiswarya J S**
**B.Ed. Natural Science**

# ചേല

ഇരുട്ടിനെ കീറിമുറിച്ചുകൊണ്ട്
സൂര്യരശ്മികൾ ആ വീടിന്റെ
അകത്തളത്തിൽ വരെ എത്തിയിരുന്നു.
ചിരവയുടെ വായ്തലത്തിൽ നിന്നും
കേൾക്കുന്ന ശബ്ദം പ്രഭാതത്തിന്റെ
നിശബ്ദതയെ അലോസരപ്പെടുത്തി.
അടുക്കളയിൽ തേങ്ങ ചിരകിക്കൊണ്ട്
നിലത്തിരിക്കുകയാണ് തുളസി. സാരിയാണ്
അവളുടെ വേഷം. ആ സാരിത്തുണി
കണ്ടാൽ അറിയാം കഴുകി കഴുകി  അതിന്റെ
ഇഴകൾക്ക് ബലക്ഷയം
സംഭവിക്കാറായിരിക്കുന്നു. ഗ്യാസ് അടുപ്പിൽ
ഇരുന്ന പ്രഷർകുക്കറിൽ നിന്നുള്ള വിസിൽ
മുഴക്കം കേട്ട് അവൾ ചിരവമേൽ നിന്ന്
എഴുന്നേറ്റ് ഗ്യാസ് ഓഫ് ചെയ്തു. ശേഷം
ആവി പറന്നുകൊണ്ടിരുന്ന ചൂട്
പുട്ടുകുറ്റിയിലേക്ക് നനച്ചു വെച്ച മാവിട്ടു
കൊടുത്തു. എന്നിട്ട് അവൾ നേരെ പോയത്
സ്റ്റോറൂമിലേക്കാണ്. അവിടെ ഒരു
മൂലയ്ക്കായി നിലത്ത് വിരിച്ച പുൽപ്പായയിൽ
ഒരു മൂന്നു വയസ്സുകാരി
കിടന്നുറങ്ങുന്നുണ്ടായിരുന്നു. ആ കുഞ്ഞിന്റെ
ദേഹത്ത് നിന്നും മാറി കിടന്നിരുന്ന ഷാൾ
എടുത്ത് തുളസി ആ കുഞ്ഞിന
മൂടിക്കൊടുത്തു. തിരിച്ച് അവൾ
അടുക്കളയിലേക്ക് തന്നെ പോയി.
അടുപ്പത്തിരിക്കുന്ന അരിക്കലത്തിന്റെ മൂടി
ആവിക്ക് ഒപ്പം ഒരു നർത്തകിയെ പോലെ
താളം ചവിട്ടി.

‘തുളസീ സമയം 8:10 ആയി മോന്റെ
സ്കൂൾ ബസ് ഇപ്പോ വരും. നീ അവനുള്ള
ഭക്ഷണമെല്ലാം റെഡിയാക്കി വച്ചോ?

‘സുധർമയുടെ വാക്കുകളിൽ ഒരു
കൊച്ചമ്മയുടെ സ്വരം നിഴലിച്ചു
നിൽക്കുന്നുണ്ടായിരുന്നു.

അധികം വൈകാതെ തന്നെ സുധർമ്മയ്ക്കും
മകനും ഭർത്താവിനും ഉള്ള ഉച്ചയൂണും
രാവിലത്തെ കാപ്പിയും
മേശമേൽ നിരന്നു. വീട്ടിലുള്ളവരെല്ലാം
അവരവരുടെ സമയത്തിനനുസരിച്ച് ഭക്ഷണം
കഴിച്ചിട്ട് പോകുന്നുണ്ടായിരുന്നു.

‘തുളസി ജോലിയെല്ലാം കഴിഞ്ഞ് അടുക്കള
വാതിൽ പുറത്തുനിന്ന് പൂട്ടി താക്കോൽ
ചെടി ചട്ടിയുടെ അടിയിൽ വച്ചിട്ട് വേണം
പോകാൻ’ സുധർമ വന്നു പറഞ്ഞു

‘ശരി ചേച്ചി’

‘സുധർമ്മേ... മുൻവശത്തുള്ള ഗേറ്റ് അടച്ചിട്ട്
വേണം പോകാൻ എന്ന് തുളസിയോട്
പറയൂ’ ഹാളിൽ ഇരുന്നുകൊണ്ട്
സുധർമയുടെ ഭർത്താവ് വിളിച്ചുപറഞ്ഞു’

‘ശരി ചേട്ടാ തുളസി നീ കേട്ടല്ലോ?’

‘കേട്ടു ചേച്ചി ഞാൻ എല്ലാം കൃത്യമായി
ചെയ്തോളാം’

സുധർമയും ഭർത്താവും മുൻവശത്തുള്ള
പ്രധാന വാതിൽ പൂട്ടി കാറിൽ കയറി
പോയി.

ആ സമയം അകത്ത് സ്റ്റോറൂമിൽ നിന്നും
തുളസിയുടെ മകളുടെ കരച്ചിൽ കേട്ടു.
അവൾ കുഞ്ഞിനെ ഓടിവന്നെടുത്ത്
സമാധാനിപ്പിച്ചു. തുളസി രാവിലെ ചായ ഇട്ട
പാത്രം തുറന്നു നോക്കി ഒരു അല്പം ചായ
ബാക്കിയുണ്ട് അതിൽ ഉണ്ടായിരുന്ന ചായ
കൊത്തു അരിപ്പ് ഉപയോഗിച്ച് അരിച്ചുമാറ്റി.
ഒരു ഗ്ലാസിന്റെ കാൽഭാഗത്തോളമെ
ചായയുള്ളൂ.അത് അവൾ കുഞ്ഞിന
കൊടുത്തു.കുഞ്ഞിനെ നിലത്ത് കളിക്കാൻ
വിട്ടിട്ട അവൾ ബാക്കി ജോലികൾ
പൂർത്തിയാക്കി. അടുക്കള വാതിൽ
പുറത്തുനിന്ന് പൂട്ടി തുളസി കുഞ്ഞിനെയും
എടുത്തു കൊണ്ട് ഗേറ്റിനടുത്തേക്ക് നടന്നു.
സമയം രാവിലെ 10:00 മണി.
കോർപ്പറേഷന്റെ സൈറൺ മുഴക്കം
കേൾക്കുന്നുണ്ട്.

‘തുളസി നീ ഇന്ന് 15 മിനിറ്റ് താമസിച്ചല്ലോ
അമ്മൂമ്മയ്ക്ക് ഗുളിക കൊടുക്കാൻ
സമയമായി ഡയപ്പർ മാറ്റി ക്ലീൻ ചെയ്യാതെ
എങ്ങനെയാ ഭക്ഷണം കൊടുക്കുക’.
തുളസിയുടെ വരവ് ദൂരെ നിന്നേ കണ്ടിട്ട്
എന്നപോലെ വീട്ടിനകത്ത് നിന്ന് ഒരു സ്ത്രീ
ഇറങ്ങി വന്നു പറഞ്ഞു. ‘ഞാൻ ഇപ്പോൾ
ക്ലീൻ ചെയ്യാം മാഡം.  കുഞ്ഞ് വിശന്നു
കരഞ്ഞു. അവൾക്ക് ഭക്ഷണം വാങ്ങി

കൊടുക്കാൻ ഒരു കടയിൽ കയറിയതാ' 'ഉം ശരി വേഗം പോയി ജോലി ചെയ്യൂ. അകത്ത് അമ്മയുണ്ട്. കുഞ്ഞിനെ അമ്മയുടെ മുറിയിൽ ആക്കിയിട്ട് പോകൂ'. ഇത്രയും പറഞ്ഞു കൊണ്ട് ആ സ്ത്രീ മുകളിലത്തെ നിലയിലേക്ക് കയറിപ്പോയി.

തുളസി കുഞ്ഞിനെ ഹാളിന്റെ വലതുവശത്തുള്ള മുറിയിൽ കൊണ്ട് ചെന്നാക്കി. തിരിച്ചുവന്ന് കിടപ്പുരോഗിയായ അമ്മൂമ്മയുടെ ഡയപ്പർ മാറ്റി ക്ലീൻ ചെയ്ത് ഭക്ഷണവും മരുന്നും നൽകി. ശേഷം നേരെ അടുക്കളയിലേക്ക് ചെന്നു.

ഉച്ചഭക്ഷണത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തി. തുളസിക്കും മോൾക്കുമുള്ള ഉച്ചഭക്ഷണം ആ വീട്ടിൽ നിന്ന് നൽകും. ഭക്ഷണം കഴിച്ചു കഴിഞ്ഞ് കുറച്ച് സമയം തുളസി കുഞ്ഞിനായി മാറ്റിവയ്ക്കും. അവളോടൊപ്പം തമാശകൾ പറഞ്ഞ് ഒളിച്ചും കളിച്ചും അമ്മയും മോളും അവരുടെ ലോകത്തേക്ക് ഒതുങ്ങി കൂടും. നാല് നാലര സമയത്ത് ആ വീട്ടിലുള്ളവർക്ക് എല്ലാം ചായയും പരിഹാരങ്ങളും ഉണ്ടാക്കിവെച്ച് തുളസിയും മകളും നേരെ പോകുന്നത് ജംഗ്ഷനിലുള്ള ഒരു തട്ടുകടയിലേക്കാണ്. രാത്രി ഒമ്പതര മണി വരെയുള്ള സമയം തുളസിയും മകളും അവിടെ ചിലവഴിക്കും. ആ അമ്മയുടെയും മകളുടെയും ഒരു ദിവസം അങ്ങനെ അവസാനിക്കും.

വർഷങ്ങൾ വളരെ പെട്ടെന്ന് കടന്നുപോയി. തുളസിയുടെ മകൾ സൂര്യ ഇന്ന് ബിരുദ പഠനം പൂർത്തിയാക്കി, ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി നോക്കുകയാണ്. തുളസിയുടെ അധ്വാനത്തിന്റെ ഫലമായി ഇന്ന് അവർക്കൊരു കൊച്ചു വീട് സ്വന്തമായി ഉണ്ട്. ഒരു വെള്ളിയാഴ്ച ദിവസം സൂര്യ ജില്ലാ ആശുപത്രിയുടെ വരാന്തയിൽ ഡോക്ടറെ കാണാൻ കാത്തു നിൽക്കുകയാണ്. 'സൂര്യയെ ഡോക്ടർ വിളിക്കുന്നു. അകത്തേക്ക് വരൂ' ഒരു നഴ്സ് വന്നു പറഞ്ഞു. അവൾ ഡോക്ടറുടെ മുറിയിലേക്ക് ചെന്നു.

'ഇരിക്ക് സൂര്യ. റിപ്പോർട്ട് വാങ്ങിക്കാൻ തനിച്ചാണോ വന്നത് അമ്മ ഇല്ലേ കൂടെ?' ഡോക്ടർ ചോദിച്ചു. 'ഇല്ല അമ്മ വന്നിട്ടില്ല ഞാൻ ജോലിക്ക് പോകുന്ന വഴി ലാബ് റിസൾട്ട് വാങ്ങാം എന്ന് കരുതി'. സൂര്യ മറുപടി പറഞ്ഞു.

'അത് എന്തായാലും നന്നായി സൂര്യ. ഞാൻ പറയാൻ പോകുന്ന കാര്യം അല്പം വിഷമമുണ്ടാക്കുന്നതാണ്. എന്റെ സംശയം ശരിയാണ് സൂര്യയുടെ അമ്മയ്ക്ക് ക്യാൻസറാണ. എത്രയും പെട്ടെന്ന് യൂട്രസ് നീക്കം ചെയ്യണം. കൂടുതൽ ചെക്കപ്പിനായി അമ്മയെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യണം'. ഡോക്ടർ പറഞ്ഞു നിർത്തി.

സൂര്യക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു ഡോക്ടറുടെ വാക്കുകൾ. ഒരു ഭ്രാന്തിയെ പോലെ നിലവിളിക്കണമെന്ന് അവൾക്കുണ്ടായിരുന്നു. ദുഖഭാരം ഉള്ളിൽ ഒതുക്കി അവൾ ആശുപത്രി വിട്ടിറങ്ങി.ഓഫീസിലേക്ക് പോകാതെ സൂര്യ തിരികെ വീട്ടിലേക്ക് മടങ്ങി. സമയം സന്ധ്യയായപ്പോൾ തൊഴിലുറപ്പ് ജോലി കഴിഞ്ഞ് തുളസി വീട്ടിലെത്തി.

'നീ ഇന്ന് നേരത്തെ വന്നോ?' തുളസി സൂര്യയോട് ചോദിച്ചു.

അവൾ ഓടി വന്ന് അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു.തുളസി ഒന്നുമറിയാതെ അവളെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. കരച്ചിൽ അടക്കിപ്പിടിച്ച് അവൾ അമ്മയോട് രോഗവിവരം പറഞ്ഞു.

'നാളെത്തന്നെ നമുക്ക് ആശുപത്രിയിൽ പോണം. ഇനി താമസിച്ചു കൂടാ....സൂര്യ അമ്മയോട് പറഞ്ഞു

തുളസി മകളെ നെഞ്ചോട് ചേർത്ത് പിടിച്ചു. എന്നിട്ട് അവളുടെ നെറ്റിയിൽ ചുംബിച്ചു. ആ രാത്രി അമ്മയും മകളും ഉറങ്ങിയില്ല. നേരം പുലരാറായപ്പോൾ എപ്പോഴോ സൂര്യ ഒന്നു മയങ്ങിപ്പോയി. നിത്യവും കേൾക്കാറുള്ള അലാം കേട്ടവൾ മെല്ലെ കണ്ണ് തുറന്നു. തന്നോടൊപ്പമാണ് അമ്മ ഇന്നലെ ഉറങ്ങാൻ കിടന്നത്. അവൾ കണ്ണ് തുറന്നപ്പോൾ അമ്മയെ കണ്ടില്ല. ആ വീട് മുഴുവൻ സൂര്യ അമ്മയെ തിരക്കി.അമ്മയെ കണ്ടില്ല. സൂര്യ നേരെ മുറ്റത്തേക്ക് ഇറങ്ങി വീടിനു ചുറ്റും അമ്മയെ തിരക്കി.

'സൂര്യ മോളെ .....നീ ആരെയാ ഈ അന്വേഷിക്കുന്നത്?'. അടുത്തുള്ള റബ്ബർ തോട്ടത്തിൽ പാലെടുത്തുകൊണ്ടിരുന്ന അയൽവാസിയായ ലതിക വിളിച്ചു ചോദിച്ചു.

'എന്റെ അമ്മയെ കണ്ടോ ലതിക ചേച്ചി?'

'ഞാൻ ചന്തയിൽ പോയിട്ട് വരുന്ന വഴി തുളസി ജില്ലാ ആശുപത്രിയിലേക്ക് കയറി പോകുന്നത് കണ്ടിരുന്നു'.എന്താ മോളെ മോളോട് ഒന്നും പറഞ്ഞില്ല?

സൂര്യ മറുപടിയൊന്നും പറയാതെ പെട്ടെന്ന് വീടിനകത്തേക്ക്കയറിപ്പോയി.

ജനറൽ ഓ. പി ഉള്ള ദിവസമായിരുന്നതിനാൽ ആശുപത്രിയിൽ

നല്ല തിരക്കുണ്ടായിരുന്നു. ഡോക്ടറുടെ തിരക്ക് കുറയും വരെ തുളസി ആശുപത്രി വരാന്തയിൽ കാത്തിരുന്നു. ഇനി ആരുമില്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം അവൾ ഡോക്ടറുടെ മുറിയിലേക്ക് കയറി.

'വരൂ തുളസി..... ഇരിക്കു ഇന്ന് മകൾ വന്നില്ലേ കൂടെ?'

ഡോക്ടർ തുളസിയോട് ചോദിച്ചു.

'ഇല്ല'. തുളസി മറുപടി നൽകി.

ലാബ് റിസൾട്ടിനെ കുറിച്ച് മകൾ എന്തെങ്കിലും പറഞ്ഞോ?'

ഡോക്ടർ സംശയത്തോടെ ചോദിച്ചു.

'അവളോട് എല്ലാം പറഞ്ഞു. പക്ഷേ ചികിത്സ തുടങ്ങും മുൻപ് എനിക്ക ഡോക്ടറോട് ഒരു കാര്യം പറയാനുണ്ട്.'

'എന്താണ് ...പറയൂ'

'ഈ ലാബ് റിസൾട്ട് അത് എന്റേതല്ലേ?'

തുളസി പറഞ്ഞത് കേട്ട് അല്പം മൗനം പാലിച്ച ശേഷം ഡോക്ടർ പറഞ്ഞു

'തുളസി താൻ യാഥാർത്ഥ്യം മനസ്സിലാക്കണം തന്റെ അവസ്ഥ വളരെ മോശമായി കൊണ്ടിരിക്കുകയാണ് എത്രയും പെട്ടെന്ന് തന്നെ യൂട്രസ് റിമൂവ് ചെയ്യണം.'

സാരി തുമ്പ് പിടിച്ച് കണ്ണുകൾ തുടച്ചു കൊണ്ട് ധൈര്യം സംഭരിച്ചവർ പറഞ്ഞു.

'ഒരു സ്ത്രീയായി ജന്മം എടുത്തവർക്കല്ലേ ഡോക്ടർ ഗർഭപാത്രം ഉണ്ടാവുകയുള്ളൂ?'

'തുളസി താങ്കൾ എന്തൊക്കെയാണ് ഈ പറയുന്നത്?'

'അതേ ഡോക്ടർ ഈ ഭൂമിയിൽ ഞാനൊരു പുരുഷനായി പിറവിയെടുത്തവളാണ്. മനസ്സുകൊണ്ട് സ്ത്രീയും ശരീരം കൊണ്ട് ഒരു പുരുഷനുമായി കഴിഞ്ഞ 41 വർഷം ഞാൻ ജീവിച്ചു.'

'സൂര്യ ..അവൾ എങ്ങനെ തുളസിയുടെ മകളായി? 'ഡോക്ടർ അത്ഭുതത്തോടെ ചോദിച്ചു.'

'എന്റെ ഇരുപതാമത്തെ വയസ്സിൽ ഞാൻ എന്റെ സ്വന്തം വീട് ഉപേക്ഷിച്ച് ഇറങ്ങി. എന്റെ വ്യക്തിത്വം മനസ്സിലാക്കാൻ വീട്ടുകാർ തയ്യാറായില്ല. ഞാൻ പത്താം ക്ലാസിൽ പഠിക്കുന്ന കാലത്താണ് ഞാൻ എന്നെ തിരിച്ചറിയുന്നത്. അന്നുതന്നെ ഈ കാര്യങ്ങളെല്ലാം ഞാനെന്റെ അമ്മാവനോട് തുറന്നു പറഞ്ഞു. അതായിരുന്നു ഞാൻ ചെയ്ത തെറ്റും. പ്രതീക്ഷിച്ചതിനും അപ്പുറമായിരുന്നു അയാളുടെ പ്രതികരണം. പിന്നീടുള്ള നാലഞ്ചു വർഷം അയാളുടെ ആവശ്യങ്ങൾക്ക് വേണ്ടി എന്നെ ഉപയോഗിക്കുകയായിരുന്നു. പലവട്ടം ഓടിപ്പോകാൻ ശ്രമിച്ചതാണ് അന്നൊക്കെ അയാളുടെ പിടിയിൽ പെടും. അവസാനം ഞാൻ എന്റെ അമ്മയോട് എല്ലാം തുറന്നു പറഞ്ഞു. കുടുംബത്തിന നാണക്കേട് ഉണ്ടാകാതെ എങ്ങോട്ടെങ്കിലും ഇറങ്ങി പോകാൻ ആയിരുന്നു അമ്മ എന്നോട് പറഞ്ഞത്. കഴിക്കാൻ തന്ന ഭക്ഷണത്തിൽ അല്പം വിഷം കലർത്തി തന്നിരുന്നു എങ്കിൽ ഞാൻ സന്തോഷത്തോടെ അത് കഴിക്കുമായിരുന്നു. പക്ഷേ അതിനെക്കാളും വിഷമിപ്പിക്കുന്നതായിരുന്നു അമ്മയുടെ വാക്കുകൾ. പിന്നെ എനിക്ക് ആ വീട്ടിൽ നിൽക്കാൻ തോന്നിയില്ല.

എങ്ങോട്ടെന്നില്ലാതെ ഞാൻ ഇറങ്ങി നടന്നു. കള്ളവണ്ടി കയറി ഒരുപാട് അലഞ്ഞു.

അലഞ്ഞു തിരിഞ്ഞ് ഒരു നാടോടി സ്ത്രീയുടെ കൂടെ കൂടി.അവർ എനിക്ക് അവരുടെ ഒരു ചേല തന്നു. ആ ചേല എനിക്ക് തന്നത് പുതിയൊരു ജീവിതമായിരുന്നു. പൂർണ്ണ ഗർഭിണിയായിരുന്നു അവരുടെ കൂടെ മൂന്ന് ദിവസം ഭിക്ഷ യാചിച്ചു നടന്നു. ഒരു ദിവസം നേരം പുലരുമ്പോൾ ആ സ്ത്രീ ഉറങ്ങാൻ കിടന്നിടത്ത് ഒരു ചോര കുഞ്ഞിനെയാണ് ഞാൻ കണ്ടത്. പേരറിയാത്ത നാടോടി സ്ത്രീയെ ഞാൻ അവിടെ എല്ലാം അന്വേഷിച്ചു. കണ്ടെത്താനായില്ല. അവർ ആ കുഞ്ഞിനെ എന്റെ അടുത്ത് ഉപേക്ഷിച്ചു കടന്നു കളഞ്ഞതാണെന്ന് മനസ്സിലായി. ആ കുഞ്ഞിന്റെ ഓമനത്തമുള്ള മുഖം കണ്ടിട്ട് എനിക്ക് ഉപേക്ഷിക്കാൻ മനസ്സ് വന്നില്ല. ഞാനാ കുഞ്ഞിനെ എന്റെ ചേലയിൽ പൊതിഞ്ഞെടുത്ത് എന്റെ മാറോടു ചേർത്തു പിടിച്ചു. എന്റെ ശരീരത്തിലെ പുരുഷനെ ഭേദിച്ചുകൊണ്ട് ഞാനെന്ന സ്ത്രീ അന്നുമുതൽ ആ കുഞ്ഞിന്റെ അമ്മയായി. ശരീരം കൊണ്ട് ഞാൻ അന്നും ഇന്നും ഒരു പുരുഷൻ തന്നെയാണ്. പക്ഷേ മനസ്സുകൊണ്ട് ഒരു സ്ത്രീയും, എന്റെ സൂര്യ മോളുടെ അമ്മയുമാണ്. 'അമ്മയാകാൻ പ്രസവിക്കണമെന്നില്ലല്ലോ ഡോക്ടർ...'

വാക്കുകൾ മുഴുമിപ്പിക്കാൻ തുളസിക്ക് കഴിഞ്ഞില്ല.

'സൂര്യയ്ക്ക് ഇതൊന്നും അറിയില്ലേ?

'ഡോക്ടർ ചോദിച്ചു.

'ഇല്ല. സൂര്യയ്ക്ക് എന്നല്ല ഇത് ആർക്കും അറിയില്ല.'

'അപ്പോൾ ആ ലാബ് റിസൾട്ട്?'

‘അത് എന്റെ അല്ല ഡോക്ടർ. വേറെ ആരുടെയോ ആണ്. ഞാനിത് വീണ്ടും മറച്ചു വെച്ചാൽ യഥാർത്ഥ രോഗിക്ക് ചികിത്സ കിട്ടാൻ വൈകും. അതുകൊണ്ടാണ് ഞാനിത് ഡോക്ടറോട് പറയുന്നത്.’ തുളസി പറഞ്ഞു.
‘തുളസി ഇന്നത്തെ കാലത്ത് താങ്കൾ ചെയ്തത് വലിയൊരു കാര്യം തന്നെയാണ്. പുരുഷനായി ജനിച്ച് സ്ത്രീയായി മാറി ഒരു അമ്മയാകാൻ കൊതിക്കുന്ന നൂറു കണക്കിന ആളുകൾ നമ്മുടെ നാട്ടിലുണ്ട്. നിയമത്തിനു മുന്നിൽ തുളസി ചെയ്തത് ഒരു തെറ്റായി കരുതപ്പെടാം. പക്ഷേ മനസാക്ഷിയുടെ മുന്നിൽ താങ്കൾ തെറ്റുകാരി അല്ല. മാതൃത്വത്തിന്റെ പരിശുദ്ധി തുളസിയിലൂടെ വീണ്ടും തെളിയിക്കപ്പെട്ടു. ലാബ് റിപ്പോർട്ടിൽ എന്താണ് സംഭവിച്ചത് എന്ന് ഞാൻ ഒന്ന് അന്വേഷിക്കട്ടെ. തുളസി ധൈര്യമായി പൊയ്ക്കോളൂ.’ ഡോക്ടർ തുളസിയോട് പറഞ്ഞു.
‘ശരി ഡോക്ടർ കഴിയുമെങ്കിൽ യഥാർത്ഥ രോഗിയെ കണ്ടുപിടിച്ച് നല്ല ചികിത്സാ നൽകണം. ഈ പിഴവ് ഇനി സംഭവിക്കാതെ നോക്കണം.’ ഇത്രയും പറഞ്ഞ് തുളസി ഡോക്ടറുടെ മുറിയിൽ നിന്നും പുറത്തേക്ക് ഇറങ്ങി. അവൾ ഒരു ഞെട്ടലോടെയാണ് അത് കണ്ടത്. പുറത്തെ വരാന്തയിൽ നിറഞ്ഞ കണ്ണുകളുമായി വിതുമ്പൽ അടക്കിപ്പിടിച്ച് തുളസിയുടെ മകൾ സൂര്യ നിൽപ്പുണ്ടായിരുന്നു.
തുളസിയുടെ കാലുകൾ മുന്നോട്ട് ചലിച്ചില്ല. മോളെ എന്ന് അവളെ വിളിക്കണമെന്നുണ്ടായിരുന്നു. പക്ഷേ നാവു പൊങ്ങിയില്ല. അവളുടെ ദേഹമാകെ തണുത്തു വിറച്ചു. സൂര്യ അവളുടെ നേർക്ക് നടന്നു വന്നു. താഴ്ന്ന സ്വരത്തിൽ അവൾ തുളസിയോട് പറഞ്ഞു.
‘ഞാനെല്ലാം കേട്ടു’
‘ഉം... മനസ്സിലായി. നിന്നോട് എല്ലാ കാര്യങ്ങളും പറയാനായി അങ്ങോട്ടേക്ക് വരികയായിരുന്നു. സത്യങ്ങളെല്ലാം നീ അറിയാൻ ദൈവം ഒരുക്കിയ സമയമായിരുന്നു ഇത്. മോൾക്ക് തീരുമാനിക്കാം ഇനിയുള്ള ജീവിതം എങ്ങനെ വേണമെന്ന്.’
വാക്കുകൾ മുഴുവിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. വളരെ കഷ്ടപ്പെട്ട് അവൾ മനസ്സിലുള്ളതെല്ലാം പറഞ്ഞുതീർത്തു. സൂര്യയുടെ മറുപടി കേൾക്കാൻ കാത്തുനിൽക്കാതെ അവൾ വരാന്തയിലൂടെ പുറത്തേക്ക് നടന്നു. ആ സമയം സൂര്യ ‘അമ്മേ..’ എന്ന് വിളിച്ചു ഓടിച്ചെന്ന് തുളസിയെ കെട്ടിപ്പിടിച്ചു.
‘എനിക്ക് ഈ ലോകത്ത് ഒരു അമ്മയെ ഉള്ളൂ. എന്റെ അമ്മ, അത് ഈ അമ്മയാണ്. ഞാനിനിയും അമ്മയുടെ കൂടെ തന്നെ ജീവിക്കും. എന്റെ കൂടെ ഈ അമ്മ തന്നെ വേണം.’
തുളസി തിരിഞ്ഞ് മകളെ നോക്കി. 21 വർഷം മുമ്പ് കണ്ട ആ പിഞ്ചു കുഞ്ഞിന്റെ മുഖം തുളസിയുടെ മനസ്സിൽ തെളിഞ്ഞുവന്നു. അവൾ ഒരു ദീർഘനിശ്വാസത്തോടെ മകളെ ചേർത്തു പിടിച്ചു.
‘നീ എന്റെ മകൾതന്നെയാണ്. ഞാൻ നിന്റെ അമ്മയും.’

## വിദ്യാലയം



**Aswani S**
**B.Ed. Social Science**

അച്ഛന്റെ വിരൽത്തുമ്പിനാൽ
ആദ്യമായി ഞാൻ സരസ്വതി ക്ഷേത്രത്തിൽ എത്തി
വർണ്ണങ്ങളായ പുസ്തകങ്ങൾ
എൻ കളിക്കൂട്ടുകാരായി
കൊച്ചു കൂട്ടുകാർക്കൊപ്പം എൻ
വിദ്യാലയത്തിലൂടെ നടന്നു നീങ്ങി
കളികളും കുസൃതികളുമായി
വിദ്യാലയ ജീവിതം കടന്നുപോയി
കാലം മായ്ക്കാൻ ആകാത്ത ഓർമ്മയായി
ഇന്നും എൻ വിദ്യാലയം
സ്വപ്നങ്ങളിൽ ഇപ്പോഴും ശോഭ കൂട്ടുന്നു

## മനുഷ്യത്വം



**Jubi Das**
**B.Ed. Natural Science**

ഒടുവിലായി വിടർന്നോരീപൂവും ഇറുത്തു
ഞാൻ തൊടിയിലെ വഴിയിലൂടകന്നു പോകേ
ഔത്സുക്യം തഴുകിയൊരു വാർത്തയിന്മേൽ
മനം തേങ്ങി അതുകേട്ടൊരാമാത്രയിൽ താൻ!!
എന്തിനു നൽകിയീ പാഴ്വിധി ദൈവമേ...?
എന്തിനേകി ഇത്ര ക്രൂരത മനുഷ്യനിൽ ?
കൊല്ലും കൊലയും ... പിടിവാദങ്ങളെങ്ങുമേ
കൊന്നു തിന്നുന്നു മനുഷ്യർ പരസ്പരം...
അയലത്തെ വീട്ടിലെപ്പെണ്ണിന്റെ മാനം
അടിയറവു വെച്ചതോ അതേ രക്തം താൻ...!
ഉടമതൻ അടിമയെ സ്നേഹിച്ചിടുന്നപോൽ

പോലുമില്ലി രക്തബോധത്തിന്റെ വില..
അപരന്റെ ഉദയത്തിലറിയയാതെ തേങ്ങുന്നു
അനുജന്റെ വിങ്ങലോ കാണാതെ പോയി..!
എന്തിനോ വേണ്ടി തിളക്കുമീ രക്ത
മിന്നതോ കൊടും ക്രൂരതയിലെത്തിടുന്നു
എന്തിനോ വേണ്ടി കിടമത്സരങ്ങൾ!!
ഒരു വശം മുറവിളി കൂട്ടുന്നു ജയത്തിനായി
അലമുറയിടുന്നു മറുവശം ജീവിതത്തിനായി..
ഇനിയെന്തുചെയ്യുമെന്നറിയില്ല സോദരാ...
ദൈവത്തിൻ സ്വന്തം നാടെന്നുമൊഴിയുവാൻ..
ഇനി നമുക്കെന്നു കഴിയും ചൊൽക നീ
ഇനിയെന്നു തിരികെ വരുമാ വസന്ത കാലം..?

**Athira P**

**B.Ed. Physical Science**

# അമ്മ



ജനൽ പാളിയിലൂടെ ലക്ഷ്മി പുറത്തേക്ക് നോക്കി. കാർമേഘം കൊണ്ട് മൂടിക്കിടക്കുന്ന, പെയ്യുവാൻ വിതുമ്പി നിൽക്കുന്ന മഴത്തുള്ളിയുടെ വെപ്രാളം മാനത്ത് കാണാം. അവളുടെ കണ്ണിൽ നിന്നും അപ്പോഴും കണ്ണീർ ഇറ്റു വീഴുന്നുണ്ടായിരുന്നു.

മെലിഞ്ഞു എല്ലുകൾ പുറത്തേക്ക്തള്ളി, കണ്ണുകൾ അകത്തേക്ക് വലിഞ്ഞ, തല നരച്ച അമ്മയെ അംഗീകരിക്കാൻ ലക്ഷ്മിക്ക് ഒരിക്കലും ആകുമായിരുന്നില്ല. സ്കൂളിൽ കൂട്ടുകാർക്ക് അമ്മയെ പരിചയപ്പെടുത്താൻ അവൾക്ക് നാണമായിരുന്നു. ഇന്ന് തെക്കേ കോലായിൽ മുത്തശ്ശി മാവിന്റെ ചോട്ടിലെ ഇളകിയ മണ്ണ് അവളെ ഏറെ നോവിച്ചു. തന്റെ അമ്മയുടെ ചുമതലകൾ ആ പാഴ്ജന്മം നടന്നു തീർത്ത ഇടവഴികൾ ഇന്ന് ശൂന്യം. മറ്റുള്ളവരുടെ ജീവിതം ആയാസമാക്കാൻ ശ്രമിക്കുന്നതിനിടയിൽ തന്റെ ജീവിതവും ജീവനും നോക്കാത്ത ജന്മം ഇന്നില്ല. തെക്കേയറ്റത്തെ മുത്തശ്ശി മാവിന് ഇന്ന് വളമായി ആ ജന്മം മാറിക്കഴിഞ്ഞു.

പെയ്യാൻ വിതുമ്പി നിൽക്കുന്ന മഴക്കാറുകൾ തന്റെ തട പൊട്ടിച്ച് പെയ്തു തുടങ്ങി. തന്നെ കാർന്നുതിന്നുന്ന ഒരു രോഗമുണ്ടെന്ന് തിരിച്ചറിയാതെ കുടുംബത്തിനുവേണ്ടി യാന്ത്രികമായി പ്രവർത്തിച്ച അമ്മയുടെ തേങ്ങൽ പോലെ.

മഴയ്ക്ക് അകമ്പടിയായി ഇടിയും മിന്നലും നല്ല കാറ്റും ഉണ്ടായിരുന്നു. അത് ഇതുവരെ ശബ്ദിക്കാതെ ആരുടെയൊക്കെ ഇഷ്ടത്തിന് വേണ്ടി പ്രവർത്തിച്ച ആ അമ്മയുടെ ഗർജ്ജനമാകാം. വീടിന്റെ ചുമരുകൾക്കുള്ളിൽ എപ്പോഴും നിന്ന തന്റെ അമ്മയെ ഇന്ന് മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. നമ്മളിൽ നിന്നും അകലുമ്പോഴേ അവർ എത്ര പ്രിയപ്പെട്ടവരായിരുന്നു എന്ന തിരിച്ചറിവിലേക്ക് നമ്മളെത്തു.

**Anakha. AS**

**B.Ed. Natural Science**



# തൊട്ടിപ്പാലം

പത്താം ക്ലാസ്സിൽ പഠിക്കുമ്പോഴുള്ള എന്റെ പഠനയാത്ര എന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഒരുപാട് നല്ല ഓർമകൾ സമ്മാനിച്ച ഒരു യാത്രയായിരുന്നു. ആ യാത്രയിൽ എന്നെ ഏറ്റവും കൂടുതൽ അമ്പരപ്പിച്ചതും കൗതുകമുളവാക്കിയതുമായ ഒരു സ്ഥലമായിരുന്നു തൊട്ടിപ്പാലം. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ സ്ഥിതിചെയ്യുന്ന അതിമനോഹരമായ ഒരു സ്ഥലമാണിത്. ഇത് പ്രശസ്ത ടൂറിസ്റ്റ് പട്ടണമായ കന്യാകുമാരിയിൽ നിന്ന് ഏകദേശം 60 കിലോമീറ്റർ അകലെയായിട്ടാണ് സ്ഥിതിചെയ്യുന്നത്.

മാത്തൂർ അക്വാഡക്ട് പാലം എന്നും അറിയപ്പെടുന്ന തൊട്ടിപ്പാലം പഹ്റാലി നദിക്ക് മുകളിലൂടെ ഏകദേശം 28 തൂണുകളോടെയാണ് നിർമ്മിച്ചിരിക്കുന്നത്. ഈ തൂണുകൾ വളരെ അതിശയം ജനിപ്പിക്കുന്നുണ്ട്. എന്തെന്നാൽ ഈ ഇരുപത്തിയെട്ട് തൂണുകൾക്കും ഏകദേശം 115 അടി ഉയരമുണ്ട്. ഇത്രയും ഉയരത്തിൽ സ്ഥിതിചെയ്യുന്ന തൊട്ടിപ്പാലത്തിൽ ആദ്യമായി കയറുമ്പോൾ ശരിക്കും ചെറിയൊരു പേടി ഉണ്ടാക്കുന്നുണ്ട്. എന്നാൽ മുന്നോട്ട് നീങ്ങുമ്പോൾ

